## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.566 | 27.03.2018-ൽ മറുപടിയ്ക്ക് |
|---|---|
| **സംസ്ഥാനത്തെ തെരുവോരക്കച്ചവടം** | |
| **ചോദ്യം** | **മറുപടി** |
| ശ്രീ.പി.കെ.ശശി<br>,, കെ.ദാസൻ<br>,, സി.കൃഷ്ണൻ<br>,, ജോൺ ഫെർണാണ്ടസ് | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | തെരുവോരക്കച്ചവടക്കാരുടെ ഉപജീവന സംരക്ഷണവും തെരുവോരക്കച്ചവട നിയന്ത്രണവും നിയമ പ്രകാരം ഇത്തരം കച്ചവടക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തിയായിട്ടുണ്ടോ; | (എ) | തെരുവ് കച്ചവട സർവ്വേ സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വെയിലൂടെ സംസ്ഥാനത്തെ തെരുവ് കച്ചവടക്കാരുടെ എണ്ണം നിലവിൽ 21649 ആണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വാഹനത്തിലും വീഥിയോരത്തും കച്ചവടം ചെയ്യുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ബി) | തെരുവ് കച്ചവടക്കാർക്ക് ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥകൾ വഴിയോര കച്ചവട നിയമം വ്യവസ്ഥ ചെയ്യുന്ന് സ്കീമിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സ്കീം വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. കരട് സ്കീം പ്രകാരമുള്ള വ്യവസ്ഥകൾ താഴെപറയുന്നു:-<br><br>1. തെരുവ് കച്ചവടം അല്ലാതെ മറ്റൊരു ഉപജീവന മാർഗ്ഗവും ഉണ്ടാകാൻ പാടില്ല.<br>2. സമാന്തരമായി മറ്റൊരിടത്ത് തെരുവ് കച്ചവടം ചെയ്യാൻ പാടില്ല.<br>3. സ്വന്തമായോ/ സ്വന്തം കുടുംബാംഗങ്ങൾ വഴിയോ മാത്രമേ കച്ചവടം പാടുള്ളൂ.<br>4. കുറഞ്ഞത് 14 വയസ് പൂർത്തിയായിരിക്കേണ്ടതാണ്.<br>5. സർട്ടിഫിക്കറ്റ് മറ്റൊരാൾക്ക് കരാറിലോ, വാടകയ്ക്കോ, വില്ക്കാനോ പാടുള്ളതല്ല. ആയത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം നൽകേണ്ടതാണ്.<br>6. മായം കലർത്തൽ, മയക്കു മരുന്ന് കച്ചവടം തുടങ്ങിയപോലുള്ള വിഷയങ്ങളിൽ മുമ്പ് ശിക്ഷിക്കപ്പെട്ടവരാകാൻ പാടുള്ളതല്ല.<br>7. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിൻറെ അധികാര പരിധിയിൽ തെരുവ് കച്ചവട ലൈസൻസ് കൈവശമുള്ള വ്യക്തിയുടെ നിയമാനുസൃത അവകാശിയാകാൻ പാടുള്ളതല്ല. |
| (സി) | തിരക്കുള്ള സ്ഥലങ്ങളിൽ നിന്ന് മാറ്റി സൗകര്യപ്രദമായ സ്ഥലത്ത് കച്ചവടം നടത്തുന്നതിനും തെരുവ് വൃത്തികേടാക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും ആവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ? | (സി) | തെരുവോര കച്ചവടക്കാരെ തിരക്കുള്ള സ്ഥലങ്ങളിൽ നിന്ന് മാറ്റി പുനർ വിന്യസിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനോടകം സ്വീകരിച്ചിട്ടില്ല. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വഴിയോര കച്ചവട (ഉപജീവന) സംരക്ഷണ നിയന്ത്രണ നിയമം 2014 അടിസ്ഥാനമാക്കി തയാറാക്കുന്ന സംസ്ഥാന തല ചട്ടവും, സ്കീമും വിജ്ഞാപനം ചെയ്യുന്നതോടെ തെരുവോര കച്ചവടക്കാരെ പുനർ വിന്യസിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കുവാൻ കഴിയും. പ്രസ്തുത ചട്ടവും, സ്കീമും വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ